ഭരണഭാഷ-മാതൃഭാഷ

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ
പിൻ കോഡ്- 691001
GSTIN:32AAALK1455B1ZR ഫോൺ നമ്പർ : 0474-2746193
https://kollamcorporation.gov.in, secretarykollam@gmail.com

നമ്പർ: 2580138-2024

തീയതി : 30-08-2025

## ലേലം/ക്വട്ടേഷൻ നോട്ടീസ്

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മഹാറാണി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൌണ്ട് ഫ്ലോറിലെ താഴെ പറയുന്ന കടമുറികൾ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നിലവിലുള്ള അവസ്ഥയിൽ കച്ചവട വ്യാപാര ആവശ്യങ്ങൾക്കായി നിശ്ചിത ഡെപ്പോസിറ്റിന് പുറമെ പ്രതിമാസ ലൈസൻസ് ഫീസ് തുകയിൻമേൽ 15/09/2025 പകൽ 11 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷനുകൾ സ്വീകരിച്ചും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കടമുറികളുടെ വിശദാംശങ്ങൾ

| റൂം നമ്പർ | വാടക | ഡെപ്പോസിറ്റ് | നിരതദ്രവ്യം |
|---|---|---|---|
| GF 7 | 6000/- | 1,50,000/- | 3750/- |
| GF 8 | 6000/- | 100000/- | 2500/- |
| GF 9 | 6000/- | 100000/- | 2500/- |
| GF 10 | 6000/- | 100000/- | 2500/ |

ലേലത്തോടൊപ്പം മുദ്ര ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. ലേലം/ക്വട്ടേഷൻ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മേൽ സൂചിപ്പിച്ച പ്രകാരം നിരതദ്രവ്യം ഓഫീസിൽ ഒടുക്കിയ രസീത്/ ഡി.ഡി ഹാജരാക്കേണ്ടതാണ്. 12/09/2025 ന് വൈകിട്ട് 4 മണി വരെ ഇ.എം.ഡി യും മുദ്ര ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ലേലദിവസം പൊതു അവധി ആകുന്നപക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ടി സമയത്തും ടി സ്ഥലത്തും വച്ച് പ്രത്യേക പരസ്യം കൂടാതെ ലേലം നടത്തുന്നതായിരിക്കും. പ്രതിമാസ വാടകയിൽ ഏറ്റവും കൂടുതൽ ലേലം വിളിക്കുന്നവരുടെ പേരിൽ കൌൺസിൽ അംഗീകാരത്തിന് വിധേയമായി ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതായിരിക്കും. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 5 ദിവസത്തിനകം ഡെപ്പോസിറ്റ് തുക ഒടുക്കേണ്ടതാണ്. കൂടാതെ 500/- രൂപ മുദ്രപത്രത്തിൽ (രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം) ഓഫീസിൽ നിന്നും നൽകുന്ന മാതൃകയിൽ എഗ്രിമെന്റ് എഴുതി ഹാജരാക്കേണ്ടതാണ്. ലൈസൻസ് സംബന്ധിച്ച് കോർപ്പറേഷൻ കൌൺസിൽ അംഗീകരിച്ചിട്ടുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും/ ക്വട്ടേഷനും ബാധകമാണ്. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ തിരിച്ചറിയാൻ കഴിയുന്ന നിയമാനുസരണ രേഖകൾ ഹാജരാക്കേണ്ടതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ

Scanned with OKEN Scanner

ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് റവന്യു സെക്ഷനിൽ നി
www.kollamcorporation.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.

മുനിസിപ്പൽ കോർപ്പറേഷൻ സെക്ര

നോട്ടീസ് ബൌർഡ്- മെയിൻ ഓഫീസ് & സോണൽ ഓഫീസുകൾ

ലൈബ്രറികൾ, വില്ലേജ് ഓഫീസ്, മാർക്കറ്റ് പരിസരം

പകർപ്പ്:-ബഹു മേയർ, ഡെപ്യൂട്ടി മേയർ എന്നിവരുടെ മേശപ്പുറത്ത്

Document certified by Santhosh Kumar .A
<santhukowdiar@gmail.com>.
Digitally signed by Santhosh Kumar .A
Date: 2025.08.30 12:50:34 IST
Reason: KSMART

MUNICIPAL CORPORATION OFFICE
KOLLAM

Scanned with OKEN Scanner